**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 620** **17-09-2025 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ സംരംഭക സാധ്യതകൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിൽ സംരംഭക വർഷം പദ്ധതി എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 2022 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ 353127 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 22688.46 കോടി രൂപയുടെ നിക്ഷേപവും 7,49,712 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.<br><br>ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച സംരംഭക വർഷം പദ്ധതി ബഹു. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോഡി അദ്ധ്യക്ഷത വഹിച്ച സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ ദേശീയ കോൺഫറൻസിൽ എം.എസ്.എം.ഇ മേഖലയിലെ രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസായി തെരഞ്ഞെടുത്തു. |
| (ബി) | വ്യവസായിക സംരംഭകത്വ സൗഹൃദ ആവാസ വ്യവസ്ഥയായി ഉള്ള സംസ്ഥാനത്തിന്റെ പരിവർത്തനത്തിന് ഉടക്കം കുറിച്ചുകൊണ്ട് സർക്കാർ സ്വീകരിച്ച സംരംഭക സൗഹൃദ നടപടികൾ ഈ പദ്ധതിയുടെ വിജയത്തെ സ്വാധീനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | ഉണ്ട്. സംരംഭക വർഷം പദ്ധതിയുടെ വിജയത്തിനായി വ്യവസായ-വാണിജ്യ വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികളും സേവനങ്ങളും സംരംഭകർക്കായി നടപ്പിലാക്കിയിരുന്നു.<br><br>1. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇന്റേണുകളെ നിയമിച്ചുകൊണ്ട് താഴേത്തട്ടിൽ ശ്രദ്ധ ചെലുത്താൻ സാധിച്ചു.<br>2. സംരംഭവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും മറുപടി നൽകുന്നതിനായി എല്ലാ ജില്ലകളിലും എം എസ് എം ഇ ക്ലിനിക്കുകൾ ആരംഭിച്ചു.<br>3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംരംഭങ്ങൾ ആരംഭിച്ചവരെ സഹായിക്കാനും ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്ക് മാർഗനിർദ്ദേശം |

നൽകാനുമായി ആരംഭിച്ചതാണ് ഹെൽപ് ഡെസ്കുകൾ.

4. 2022-23 ലെ സംരംഭക വർഷം പദ്ധതിയുടെഭാഗമായി ആരംഭിച്ച 1,39,839 സംരംഭങ്ങളുടെ വിജയവും സുസ്ഥിരതയും ഉറപ്പ് വരുത്തുന്നതിനായി ആരംഭിക്കുന്ന പദ്ധതിയാണ് എം എസ് എം ഇ സുസ്ഥിരതാ പദ്ധതി.
5. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സമിതികൾ രൂപീകരിച്ചുകൊണ്ട് ആരംഭിച്ച 'ഗ്രീവൻസ് റിഡ്രസൽ സിസ്റ്റ'ത്തിലൂടെ സംരംഭകരുടെ പരാതികളിൽ 30 ദിവസത്തിനകം തീർപ്പുകൽപ്പിക്കുന്നു.
6. സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾക്കും പരാതികൾക്കും 7 ദിവസം കൊണ്ട് പരിഹാരം കാണുന്ന സംവിധാനമാണ് ചാറ്റ് വിത്ത് മിനിസ്റ്റർ.
7. കേരളത്തിലെ എം എസ് എം ഇ കളിൽ നിന്ന് തെരഞ്ഞെടുത്ത 1000 സംരംഭങ്ങളെ 4 വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള സംരംഭങ്ങളായി ഉയത്തിക്കൊണ്ടുവരാനുള്ള പദ്ധതിയാണ് മിഷൻ 1000.
8. സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (MSME) അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടി കാണാൻ കഴിയാത്ത അപകടസാധ്യതകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് മിനിമം ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ വേണ്ടിയാണ് MSME ഇൻഷ്വറൻസ് പദ്ധതി.
9. 2022-23 സാമ്പത്തിക വർഷം മുതൽ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടത്തി വരുന്ന കാമ്പയിനായ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ഓരോ പഞ്ചായത്തിലും ശരാശരി 250-ൽ പരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിലും രൂപീകരിച്ച പുതിയ സംരംഭങ്ങളുടെയും, അതിനു മുൻപ് മുതൽ പ്രവർത്തിച്ച് പോരുന്ന സംരംഭങ്ങളുടെയും പ്രതിനിധികളുടെ ഒരു യോഗം"**സംരംഭകസഭ**" എന്ന പേരിൽ 2024-2025 സാമ്പത്തിക വർഷത്തിൽ എല്ലാ

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സംഘടിപ്പിച്ചിട്ടുണ്ട്. |
| (സി) | ദേശീയ, അന്തർദേശീയ തലങ്ങളിൽ ശ്രദ്ധിക്കപ്പെടുന്ന തരത്തിൽ ഈ പദ്ധതിക്ക് പുരസ്കാരങ്ങൾ ലഭിച്ചിരുന്നോ; വിശദമാക്കാമോ? | (സി) | ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച സംരംഭക വർഷം പദ്ധതി ചീഫ് സെക്രട്ടറിമാരുടെ ദേശീയ കോൺഫറൻസിൽ എം.എസ്.എം.ഇ മേഖലയിലെ രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസായി തിരഞ്ഞെടുത്തിട്ടുണ്ട്.<br><br>യു.എസ്.എ ആസ്ഥാനമായി പ്രവർത്തിക്കുന്ന അമേരിക്കൻ സൊസൈറ്റി ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്ന സ്ഥാപനം സംരംഭക വർഷം പദ്ധതിയെ ബെസ്റ്റ് ഇന്നൊവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ ആയി തെരഞ്ഞെടുത്തു. |

സെക്ഷൻ ഓഫീസർ